**പതിമൂന്നാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3891** **27.06.2012-ൽ മറുപടിക്ക്**

## സാംക്രമികരോഗങ്ങളുടെ സംക്രമണം

| **ചോദ്യം** | **മറുപടി** |
| --- | --- |
| ശ്രീ. ഇ. ചന്ദ്രശേഖരൻ | **ശ്രീ. വി. എസ്. ശിവകുമാർ**<br>**(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി)** |
| എ) ഡെങ്കിപ്പനി, മലമ്പനി തുടങ്ങിയ സാംക്രമിക രോഗങ്ങൾ അന്യസംസ്ഥാനങ്ങളിൽ നിന്നും കേരളത്തിലേക്ക് വരുന്നവർ കൊണ്ടുവരുന്നുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | എ) ഉണ്ട്. |
| ബി) ഉണ്ടെങ്കിൽ ഇത് തടയാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ള തെന്നറിയിക്കാമോ ; | ബി) ഇതര സംസ്ഥാന തൊഴിലാളികൾ താമസിക്കുന്ന സ്ഥലങ്ങളിൽ മെഡിക്കൽ ക്യാമ്പ് സംഘടിപ്പിച്ച് അവരെ രക്തപരിശോധനയ്ക്ക് വിധേയരാക്കി രോഗനിർണ്ണയം നടത്തുന്നുണ്ട്. രോഗം സ്ഥിരീകരിക്കുന്നവർക്ക് തക്കതായ ചികിത്സയും കാലതാമസം കൂടാതെ നൽകുന്നുണ്ട്. രോഗം തടയുന്നതിനായി വീടിനുള്ളിൽ കീടനാശിനി തളിക്കൽ, ജലശേഖരങ്ങളിൽ കൂത്താടി ഭോജി മത്സ്യങ്ങളെ നിക്ഷേപിക്കൽ, ബോധവത്കരണ പരിപാടികൾ എന്നിവയും നടത്തിവരുന്നു. |
| സി) പ്രസ്തുത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ലെങ്കിൽ ഇക്കാര്യം നിരീക്ഷിക്കാനും പ്രതിവിധികൾ എടുക്കാനും നടപടി സ്വീകരിക്കുമോ ? | സി) ബാധകമല്ല. |

സെക്ഷൻ ഓഫീസർ